# അനശ്വരതയുടെ പുല്ലാങ്കുഴൽ



ജീവിതോൽസവങ്ങളിൽ
        പങ്കു കൊള്ളുവാൻ വന്നു
കൂടിയീ, മനോഹര
        നൃത്തമണ്ഡപത്തിൽ ഞാൻ.

കാൽച്ചിലമ്പൊലികളാൽ
        ഗാനമാധുരികളാൽ
ഈ മരുഭൂവിൽപ്പോലും
        പുളകം വിരിയുമ്പോൾ

എന്നെ, യിന്നലെയൊരു
        കൽത്തുറുങ്കറയ്ക്കുള്ളിൽ
തള്ളിയി, ട്ടെൻകാൽകളിൽ
        ചങ്ങലയിട്ടൂ നിങ്ങൾ.

കൻമതിൽക്കെട്ടാലെന്റെ
        മുന്നി, ലീവിരിയുന്ന
സുന്ദര പ്രപഞ്ചത്തെ
        മൂടുവാൻ കഴിഞ്ഞാലും

എന്റെ ചേതനയിലും
        എന്റെ സങ്കല്പത്തിലും
എങ്ങിനെ വീഴ്ത്തും നിങ്ങ–
        ളീക്കരിം തരശ്ശീല?

ഈ നല്ല മണ്ണിൽ, ചാലു–
        കീറുവാൻ, വിതയ്ക്കുവാൻ
ഈ വയൽ വരമ്പത്തു
        കൊയ്യുവാൻ, മെതിക്കുവാൻ

നീണ്ടൊരീശ്ശതാബ്ദങ്ങ–
ളൊക്കെയും ഞങ്ങൾക്കായി–
പ്പൂക്കണിയൊരുക്കിയോ–
രീലതാ നികുഞ്ജത്തിൽ

മുന്തിരി വനങ്ങളിൽ,
പൂനിലാവലകളിൽ
മുങ്ങിയ മനോഹര
താഴ്‌വരത്തടങ്ങളിൽ

ജീവിതോൽസവത്തിൻെറ
കാകളി പാടാൻ, മധു–
രോജ്വല, മീമണ്ണിലും
സ്വപ്നങ്ങൾ വിരിയിക്കാൻ

എൻെറ ഭാവനകളു–
മെൻെറ കൈവിരൽത്തുമ്പു–
മെന്തിനു പേടിക്കണം
നിങ്ങളെ ക്കാവൽക്കാരേ!

⅄

എൻെറ കാൽച്ചവിട്ടടി–
ക്കുള്ളിലുണ്ടുറങ്ങുന്നു
പിന്നിട്ട നൂറ്റാണ്ടിൻെറ
തേങ്ങലു, മമർഷവും. ■